പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1723 06.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി മുൻ എം. ഡി ക്കെതിരെ അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.എം.ഷാജി | | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പു മന്ത്രി) |
| (എ) | നഷ്ടത്തിലായ കെ.എസ്.ആർ.ടി.സി യെ നന്നാക്കാനായി ചുമതലയേറ്റ മുൻ കെ.എസ്.ആർ.ടി.സി എം.ഡി ബോധപൂർവ്വം കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തി അതു വഴി സ്വയം ലാഭമുണ്ടാക്കിയതിന്റെ പേരിൽ വിജിലൻസ് കേസ്സെടുത്തിട്ടുണ്ടോ; എങ്കിൽ ടിയാനെതിരെ കേസ്സെടുക്കാൻ വിജിലൻസിന്റെ പ്രത്യേക കോടതിയുടെ നിർദ്ദേശമുണ്ടായിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി. മുൻ എം.ഡി. ശ്രീ. ആന്റണി ചാക്കോയ്ക്ക് എതിരെ വിജിലൻസ് കേസ്സുകളൊന്നും നിലവിലില്ല. ടിയാനെതിരെ കേസ്സെടുക്കാൻ വിജിലൻസ് കോടതിയുടെ നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | ഇതിലുൾപ്പെടെ വേറെ ഏതെല്ലാം ഇടപാടുകളിലാണ് ടിയാൻ കെ.എസ്.ആർ.ടി.സി ക്ക് ബോധപൂർവ്വമായ നഷ്ടം വരുത്തി അതു വഴി സ്വയം ലാഭമുണ്ടാക്കി എന്ന് കരുതുന്നത്; വിശദ വിവരം ലഭ്യമാക്കാമോ; | (ബി) യും (സി) യും | ബോധപൂർവ്വമായ നഷ്ടം വരുത്തി അതു വഴി സ്വയം ലാഭമുണ്ടാക്കിയതായി കരുതുന്നതിനുള്ള തെളിവുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (സി) | എങ്കിൽ ടിയാന്റെ കാലയളവിലെ ഏതെല്ലാം ഇടപാടുകളെ സംബന്ധിച്ച് പ്രത്യേക അന്വേഷണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നു വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ